LIBRARY ARCHIVES Kerala Legislative Assembly

സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം

99(2300) ശ്രീ. കെ. അച്ചുതൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച നാല് നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ 18500 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ആകെ 22525.67 കോടി രൂപ സമാഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

നിക്ഷേപ സമാഹരണയജ്ഞം സംഘടിപ്പിച്ച മാസവും വർഷവും	ലക്ഷ്യം (തുക കോടിയിൽ)	ലഭിച്ചത് (തുക കോടിയിൽ)
നവംബർ 2011	3000	4425.09
ഡിസംബർ 2012	4500	5194.36
ഡിസംബർ 2013	5000	6674.00
ഡിസംബർ 2014	6000	6232.22
ആകെ	18500	22525.67

(സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞത്തിലും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്കും/ബാങ്കുകൾക്കും ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു. ക്യാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകി. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്, ബൈലാ വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളെ നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി.

സഹകരണ മേഖലയിൽ ജനക്ഷേമകരമായ പദ്ധതികൾ

100(2301) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനക്ഷേമകരമായ പദ്ധതികൾ സഹകരണ മേഖലയിൽകൂടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച് 2013 ലെ ബഡ്ജറ്റിൽ നീക്കിവച്ച 75 കോടി രൂപ ലക്ഷ്യമിട്ട തരത്തിൽ ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ വകയിരുത്തിയ തുകയിൽ ഇതേ ആവശ്യത്തിലേക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച് 2013-ലെ ബഡ്ജറ്റിൽ നീക്കിവച്ച 75 കോടി രൂപ ലക്ഷ്യമിട്ട തരത്തിൽ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല.

(ബി) സഹകരണ വകുപ്പിന് 16 പദ്ധതികളുടെ നടത്തിപ്പിനായി 2013-ൽ 75 കോടി രൂപ വകയിരുത്തിയതിൽ 64.9711 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly